സൂപ്പർന്യൂമററി തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമിതരായ എൽ.ഡി. ക്ലാർക്കുമാരുടെ റെഗുലറൈസേഷനും പ്രൊബേഷനും

64 (6211) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012, 2014 വർഷങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായ എൽ.ഡി. ക്ലാർക്കുമാരുടെ നിയമനം റെഗുലറൈസ് ചെയ്യാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വിശദവിവരങ്ങൾ അറിയിക്കുമോ ;

(ബി) നിയമനങ്ങൾ റെഗുലറൈസ് ചെയ്യാത്തതിനാൽ പ്രസ്തുത എൽ.ഡി.ക്ലാർക്കുമാരുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തീകരിക്കാൻ നിലവിലെ സർവ്വീസ് ചട്ടങ്ങളിൽ മാറ്റം വേണമെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവരുടെ റെഗുലറൈസേഷൻ സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതി

65 (6212) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിമുക്തഭടൻമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സമിതിയുടെ പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റിപ്പോർട്ടിൻമേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ, സൈനിക ക്ഷേമ വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനമായ കെക്സ്കോൺ സംസ്ഥാനത്തെ വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) കെക്സ്കോൺ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

(സി)

1. വിമുക്തഭടന്മാർക്കായി ആധുനിക സംവിധാനമുള്ള ഒരു Veteran Hospital നിർമ്മിക്കുക.

2. വിമുക്തഭടന്മാരുടെ Task Force രൂപീകരിക്കുക.

3. സർക്കാർ ജോലിക്കായി വിമുക്തഭടന്മാർക്ക് ഗ്രൂപ്പ് സി, ഡി തസ്തികകളിൽ 5 % മുതൽ 10 % വരെ സംവരണം ഏർപ്പെടുത്തുക.

4. ഡിഫൻസിലും സിവിലിലും സർവ്വീസ് ചെയ്ത വിമുക്തഭടന്മാരുടെ വിധവകൾക്ക് രണ്ട് പെൻഷൻ അനുവദിക്കുക.

5. എല്ലാ ജില്ലകളിലും War Memorial സ്ഥാപിക്കുക

6. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും, പാർലമെന്റ്/അസംബ്ലി തുടങ്ങി നിയമ നിർമ്മാണസഭകളിലും വിമുക്തഭടന്മാർക്ക് പ്രാതിനിധ്യം ഉറപ്പാക്കുക.

7. വിമുക്തഭടന്മാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ സംവരണം വർദ്ധിപ്പിക്കുക.

8. സ്വയംതൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

9. Vocational Training Centres ആരംഭിക്കുക.

10. വിമുക്തഭടന്മാർക്ക് Professional Tax Exemption പോലുള്ള ആനുകൂല്യങ്ങൾ ആനുവദിക്കുക.

11. വിമുക്തഭടന്മാർക്ക് ബസ്സിലും ട്രെയിനിലും യാത്രചെയ്യുവാൻ പാസ് അനുവദിക്കുക.

12. വിമുക്തഭടന്മാരുടെ പലരീതിയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആറുമാസത്തിലൊരിക്കൽ എല്ലാ ജില്ലകളിലും റവന്യൂ, പോലീസ് അധികാരികളെ ഉൾപ്പെടുത്തി ഒരു Ex-Servicemen Rally നടത്തുക.

(ഡി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly